## നിയമനം ക്രമവിരുദ്ധമായാലും തുടർച്ചയായി അഞ്ച് വർഷം ജോലി ചെയ്തയാൾക്ക് ഗ്രാറ്റിവിറ്റിക്ക് അർഹതയുണ്ട്

### മദ്രാസ് ഹൈക്കോടതി

W.P. No. 2891/2018 Dt. 1.10.2020

പി. ഷൺമുഖ സുന്ദരം
x
അപ്പലേറ്റ് അതോറിറ്റി

ബേങ്കിൽ താല്ക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർ എന്ന തസ്തികയിലാണ് തൊഴിലാളി നിയമിക്കപ്പെട്ടത്. ബേങ്കിലെ നിയമനങ്ങൾക്ക് ബാധകമായ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കാതെയാണ് മേനേജ്മെന്റ് നിയമനം നടത്തിയത്. അതിനാൽ ബേങ്ക് തൊഴിലാളികൾക്ക് വേതനത്തിനു പകരം അലവൻസാണ് നല്കിയിരുന്നത്. ഈ രീതി കുറെ വർഷങ്ങളായി തുടർന്നപ്പോൾ ഇത്തരത്തിലുള്ള തൊഴിലാളികൾ വ്യവസായതർക്കമുന്നയിക്കുകയും സംസ്ഥാന സർക്കാർ അത് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്യുകയും ചെയ്തു. തങ്ങളുടെ നിയമനങ്ങൾ ക്രമവൽക്കരിക്കണമെന്നാണ് തൊഴിലാളികൾ ആവശ്യപ്പെട്ടത്. മേനേജ്മെന്റ് അത് അംഗീകരിക്കാൻ തയ്യാറായില്ല. നടപടിക്രമങ്ങളും ചട്ടങ്ങളും പാലിക്കാതെയുള്ള നിയമനങ്ങൾ എത്ര വർഷം കഴിഞ്ഞാലും സാധൂകരിക്കാനാവില്ലെന്ന് വിലയിരുത്തിയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ തൊഴിലാളികളുടെ പരാതി തള്ളിക്കളഞ്ഞു. അപ്പോഴേക്കും ഡ്രൈവറായി നിയമിക്കപ്പെട്ട ഒരാൾ പതിനാറ് വർഷം തുടർച്ചയായി ജോലി ചെയ്തിരുന്നു. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി തൊഴിലാളികൾക്ക് അനുകൂലമല്ലാത്തതിനാൽ മേനേജ്മെന്റ് അവരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. പതിനാറ് വർഷം ജോലി ചെയ്ത ഡ്രൈവർ ഗ്രാറ്റിവിറ്റി ആവശ്യപ്പെട്ട് കൺട്രോളിങ് അതോറിറ്റി മുമ്പാകെ അപേക്ഷ നല്കി. 64,615 രൂപ 10% പലിശ സഹിതം ബേങ്ക് ഡ്രൈവർക്ക് നല്കണമെന്ന് കൺട്രോളിങ് അതോറിറ്റി ഉത്തരവിട്ടു. ഇതിനെതിരെ ബേങ്ക് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ഡ്രൈവറുടെ നിയമനം തന്നെ അസാധുവായതിനാൽ ഗ്രാറ്റിവിറ്റി ലഭിക്കാൻ അയാൾക്ക് അർഹതയില്ലെന്ന് വിധിച്ച അപ്പലേറ്റ് അതോറിറ്റി കൺട്രോളിങ് അതോറിറ്റിയുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. താൻ തുടർച്ചയായി പതിനാറ് വർഷം ജോലി ചെയ്തിട്ടുണ്ടെന്നും നിയമനം അസാധുവാണെന്ന കാരണത്താൽ ഗ്രാറ്റിവിറ്റി നിഷേധിക്കാനാവില്ലെന്നും തൊഴിലാളി വാദിച്ചു. തൊഴിലാളിയുടെ നിയമനം അനധികൃതമാണെന്ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധിച്ചിട്ടുള്ളതിനാൽ തൊഴിലാളി–തൊഴിലുടമ ബന്ധം നിലനിന്നിട്ടില്ലെന്നും ഗ്രാറ്റിവിറ്റി നല്കാൻ ബാധ്യസ്ഥമല്ലെന്നും ബേങ്ക് വാദിച്ചു. നിയമനത്തിന്റെ സാധുതയല്ല മറിച്ച് തുർച്ചയായ സേവനമാണ് പ്രസക്തമായ വസ്തുതയെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. നിയമനം ഏത് രീതിയിലായാലും തൊഴിലാളി അഞ്ച് വർഷമോ അതിലധികമോ തുടർച്ചയായി ജോലി ചെയ്താൽ ഗ്രാറ്റിവിറ്റി നല്കാൻ തൊഴിലുടമ ബാധ്യസ്ഥനാണെന്ന് വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് അതോറിറ്റിയുടെ വിധി റദ്ദാക്കുകയും കൺട്രോളിങ് അതോറിറ്റിയുടെ വിധി ശരിവയ്ക്കുകയും ഗ്രാറ്റിവിറ്റിയും പലിശയും ഉടനടി തൊഴിലാളിക്ക് നല്കി രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബേങ്കിന് നിർദ്ദേശം നല്കുകയും ചെയ്തു.